**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2367** **21-06-2024 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് മെയ്ന്റനൻസ് ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് 2023-24 വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി മെയ്ന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ ലഭിച്ച തുക വർദ്ധിപ്പിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; 2023-24 വർഷം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് മെയ്ന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ അനുവദിച്ച ആകെ തുക എത്രയാണ്; ഈ തുക നിശ്ചയിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | (എ) | സംരക്ഷണ ഫണ്ട് നിർണ്ണയിക്കുന്നതിനുള്ള ആസ്തി സംബന്ധിച്ച വിഷയങ്ങൾ തീർപ്പാക്കുന്നതിന് കൂടുന്ന എംപവേർഡ് കമ്മിറ്റിയുടെ അടുത്ത യോഗത്തിലെ അജണ്ടയിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് റോഡിതര സംരക്ഷണ ഫണ്ട് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം ഉൾപ്പെടുത്താൻ സംസ്ഥാന ആസൂത്രണ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് റോഡിതര സംരക്ഷണ ഫണ്ടായി 51,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാം റിപ്പോർട്ടിന്റെ സപ്ലിമെന്റിൽ പ്രാദേശിക സർക്കാരുകൾക്കുള്ള റോഡിതര സംരക്ഷണ ഫണ്ടിന്റെ വിതരണം അനുബന്ധം 1.4 ൽ വിശദീകരിച്ചിട്ടുള്ള തരത്തിൽ 2023-24 സാമ്പത്തിക വർഷം വിതരണം ചെയ്യണമെന്ന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടി തുക വിതരണം ചെയ്തിരിക്കുന്നത്. |
| (ബി) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് 2024-25 വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി മെയ്ന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ വകയിരുത്തിയ തുക എത്രയാണ്; പ്രസ്തുത തുക നിശ്ചയിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ; | (ബി) | 2024-25 സാമ്പത്തിക വർഷം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് റോഡിതര സംരക്ഷണ ഫണ്ടായി 57,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം റോഡിതര സംരക്ഷണ ഫണ്ട് കണക്കാക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട വിവിധ സ്ഥാപനങ്ങളുടെ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം സംബന്ധിച്ച വെയിറ്റേജ് കാലപ്പഴക്കത്തിന് അനുവദിച്ചിട്ടുള്ള അധിക വെയിറ്റേജ് ഉപഭോക്താക്കളുടെ കാര്യത്തിലുള്ള വെയിറ്റേജ് എന്നിവ പ്രകാരം തയ്യാറാക്കിയ ഡാറ്റ പ്രകാരമുള്ള അനുപാതത്തിലാണ് തുക വകയിരുത്തിയിട്ടുള്ളത്. |
| (സി) | മലപ്പുറം ജില്ലയിലെ മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് കഴിഞ്ഞ 2 സാമ്പത്തിക വർഷം മെയ്ന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ ലഭിച്ച തുക എത്രയാണ്; പ്രസ്തുത തുക നൽകുന്നതിന്റെ നിബന്ധനകൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ? | (സി) | മലപ്പുറം ഗ്രാമപഞ്ചായത്തിലെ മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾക്കു മേൽപറഞ്ഞ നിബന്ധന പ്രകാരം തന്നെയാണ് റോഡിതര സംരക്ഷണ ഫണ്ട് വകയിരുത്തിയിട്ടുള്ളത്. |

| | 2022-23 | 2023-24 |
|---|---|---|
| നിലമ്പൂർ | 11452000 | 11312000 |

| | | | | | |
|---|---|---|---|---|---|
| | | | കാളിക്കാവ് | 11044000 | 17650000 |
| | | | വണ്ടൂർ | 8918000 | 20956000 |
| | | | അരിക്കോട് | 9627000 | 35580000 |
| | | | മലപ്പുറം | 7695000 | 3082000 |
| | | | പെരിന്തൽമണ്ണ | 10628000 | 4688000 |
| | | | മങ്കട | 6883000 | 7291000 |
| | | | കുറ്റിപ്പുറം | 8833000 | 17573000 |
| | | | വേങ്ങര | 7744000 | 8349000 |
| | | | തിരൂരങ്ങാടി | 10409000 | 7096000 |
| | | | താനൂർ | 10098000 | 25837000 |
| | | | തിരൂർ | 8103000 | 19737000 |
| | | | പൊന്നാനി | 4109000 | 15486000 |
| | | | പെരുമ്പടപ്പ് | 5406000 | 3600000 |

സെക്ഷൻ ഓഫീസർ